# കേരളസർവകലാശാല

നം.പി.ആർ.173/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദാന്തരബിരുദ പ്രവേശനം 2022 ഒന്നാം ഘട്ട അലോട്ട്മെന്റ്

കേരളസർവകലാശാലയുടെ 2022 – 23 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകാല ഫീസ് (ഫീസ് വിശദാംശങ്ങൾ വെബ്സൈറ്റിൽ) ആഗസ്റ്റ് 21 ന് വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈനായി ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതും പ്രസ്തുത വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്.

മേൽപറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതും അവരെ രണ്ടും മൂന്നും അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിനായി സർവകലാശാല ഫീസ് മേൽപറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്. ഈ ഘട്ടത്തിൽ പ്രവേശനത്തിനായി കോളേജിൽ ഹാജരാകേണ്ടതില്ല.

വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ഹയർ ഓപ്ഷനുകൾ ആഗസ്റ്റ് 21 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുകയും അപ്രകാരം ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

### കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2022 – 23 വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ തിരുത്തലുകൾക്കുള്ള തീയതി നീട്ടി

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/കെ.യു.സി.ടി.ഇ./സ്വാശ്രയ കോളേജുകളിലും ഒന്നാം വർഷ ബി.എഡ്. പ്രോഗ്രാമുകളിലേയ്ക്കുള്ള 2022 – 23 അദ്ധ്യയന വർഷത്തെ പ്രവേശനം പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും, കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പേര്, ജനനതീയതി, അക്കാഡമിക് വിവരങ്ങൾ, കോളേജുകളുടേയും, കോഴ്സുകളുടേയും ഓപ്ഷനുകൾ തുടങ്ങിയ തിരുത്തലുകൾക്കുള്ള ലിങ്ക് അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. ആഗസ്റ്റ് 24 വരെ തിരുത്തലുകൾ വരുത്താവുന്നതാണ് വിശദവിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in)

### പരീക്ഷാഫലം

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ.ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ എം.സി.എ. (2020 സ്കീം, 2020 അഡ്മിഷൻ), ഡിസംബർ 2021 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രോജക്ട് – തീയതി നീട്ടി

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ., എം.എസ്‌സി., എം.കോം., എം.എസ്.ഡബ്ല്യൂ., എം.എം.സി.ജെ., എം.എ.എച്ച്.ആർ.എം. പരീക്ഷകളുടെ (ജൂൺ 2022) പ്രോജക്ട് സമർപ്പിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 31 വരെ നീട്ടിയിരിക്കുന്നു. പ്രോജക്ടുകൾ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം., നവംബർ 2021 കോവിഡ് സ്പെഷ്യൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നാലാം സെമസ്റ്റർ എം.എ., എം.എസ്‌സി., എം.കോം., എം.എസ്.ഡബ്ല്യൂ. ന്യൂജനറേഷൻ ഡിഗ്രി പ്രോഗ്രാമുകളുടെ (2020 അഡ്മിഷൻ) പരീക്ഷകൾ സെപ്റ്റംബർ 15 മുതൽ ആരംഭിക്കുന്നതാണ്. ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (ബി.എ./ബി.എസ്‌സി./ബി.കോം.) (മേഴ്സിചാൻസ് – 2012, 2011 & 2010 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 31 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 3 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 5 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
17.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**